# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 3494** **14.10.2011 - ൽ മറുപടിക്ക്**

## സ്പിന്നിംഗ് മില്ലുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) |
| (എ) കേരളത്തിലെ സഹകരണ മേഖലയിലുള്ള സ്പിന്നിംഗ് മില്ലുകളുടെ അപെക്സ് ബോഡി ആയ ടെക്സ്ഫെഡിന്റെ നിയന്ത്രണത്തിൽ തന്നെയാണോ എല്ലാ മില്ലുകളും പ്രവർത്തിക്കുന്നത്; | (എ) കേരളത്തിലെ സഹകരണ മേഖലയിൽ പ്രവർത്തിയ്ക്കുന്ന 7 സ്പിന്നിംഗ് മില്ലുകളും ടെക്സ്ഫെഡിന്റെ അംഗത്വ മുള്ളവയാണെങ്കിലും എല്ലാ മില്ലുകൾക്കും പ്രത്യേകം ഭരണസമിതി നിലവിലുണ്ട്. ഈ മില്ലുകളുടെ കോർപ്പറേറ്റ് വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത് ടെക്സ്ഫെഡ് ആണ്. |
| (ബി) ടെക്സ്ഫെഡ് ബജറ്ററി സപ്പോർട്ട് കൊടുക്കുന്നുണ്ടോ; ഇല്ലെങ്കിൽ ടെക്സ്റ്റയിൽ കോർപ്പറേഷന്റെ മാതൃകയിൽ ബജറ്ററി സപ്പോർട്ട് കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) ഉണ്ട്. 2002-03, 2003-04 സാമ്പത്തിക വർഷങ്ങളിൽ 5 ലക്ഷം രൂപ വീതം സർക്കാർ ഗ്രാന്റായി ടെക്സ്ഫെഡിന് നൽകിയിട്ടുണ്ട്. |
| (സി) 'കേന്ദ്രീകൃത കോട്ടൺ പർച്ചേസ് കമ്മിറ്റി' മുഖാന്തിരം സീസൺ സമയത്ത് ഇടനിലക്കാരില്ലാതെ കോട്ടൺ നേരിട്ട് കൂടുതലായി പർച്ചേസ് ചെയ്ത് മില്ലുകൾക്ക് നൽകുന്നതിന് എന്തെങ്കിലും | (സി) നിലവിൽ ഇടനിലക്കാരെ ഒഴിവാക്കി കേന്ദ്രീകൃത കോട്ടൺ പർച്ചേസ് കമ്മിറ്റി കോട്ടൺ കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡിൽ നിന്നും കോട്ടൺ വാങ്ങി വരുന്നുണ്ട്. കേന്ദ്രീകൃത കോട്ടൺ പർച്ചേസ് കമ്മിറ്റി പോലെ കേന്ദ്രീകൃത |

| | |
|---|---|
| നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ആയതിലേക്ക് തീരുമാനമെടുത്തിട്ടുണ്ടോ എന്നറിയിക്കാമോ; സെൻട്രലൈസ്ഡ്കോട്ടൺ പർച്ചേസ് കമ്മിറ്റി പോലെ സെൻട്രലൈസ്ഡ് യാൺ സെയിൽസ് കമ്മിറ്റി രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ? | യാൺ സെയിൽസ് മോണിറ്ററിംഗ് കമ്മിറ്റി നിലവിലുണ്ട്. ഈ കമ്മിറ്റിയുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**